**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3861** **09-10-2025 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലേക്ക് പുതിയ ബസ്സുകൾ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിൽ പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കെ. എസ്. ആർ. ടി. സി. പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകളും പുതിയ സർവീസുകളും മലബാർ മേഖലയിൽ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി മലബാർ മേഖലയിലെ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ പുതിയ ബസ്സുകളും സർവീസുകളും അനുവദിച്ച് വരുന്നുണ്ട്.<br><br>KSRTC-SWIFT പുതുതായി രജിസ്റ്റർ ചെയ്ത 29 ബസുകളിൽ 8 എണ്ണം മലബാർ മേഖലയ്ക്ക് അനുവദിച്ചിട്ടുണ്ട് (തലശ്ശേരി - 2 (കണ്ണൂർ ജില്ല), കോഴിക്കോട് - 4, പാലക്കാട് - 2). |
| (ബി) | ഗതാഗത വകുപ്പ് ഈ വർഷം എത്ര പുതിയ ബസ്സുകൾ കെ. എസ്. ആർ. ടി. സിക്കുവേണ്ടി വാങ്ങിയെന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സിയ്ക്ക് 237 ബസുകളും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് 32 ബസുകളും വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയതിൽ 140 ബസ്സുകൾ (കെ.എസ്.ആർ.ടി.സി. - 111 & കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് - 29) ഇതുവരെ ലഭ്യമായിട്ടുണ്ട്. |
| (സി) | ഗതാഗത വകുപ്പ് വാങ്ങിയ പുതിയ ബസ്സുകൾ ഏതൊക്കെ ജില്ലയിലേക്ക്, എത്ര വീതം, ഏതൊക്കെ ഡിപ്പോകൾക്ക്, ഏതൊക്കെ റൂട്ടിലേക്ക് ഉപയോഗിക്കാനായി നൽകിയെന്ന് വിശദമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി. പുതുതായി നിരത്തിലിറക്കിയ ബസുകൾ അനുവദിച്ച ജില്ലകളുടെ, ഡിപ്പോ തിരിച്ചുള്ള വിവരം അനുബന്ധം - I ആയി ചേർക്കുന്നു.<br><br>കെ.എസ്.ആർ.ടി.സി. പുതുതായി നിരത്തിലിറക്കിയ സൂപ്പർ ലക്ഷ്വറി ബസ്സുകളുപയോഗിച്ച് വിവിധ യൂണിറ്റുകളിൽ നിന്നും ബെംഗളൂരു, കൊല്ലൂർ-മൂകാംബിക, ചെന്നൈ, കോയമ്പത്തൂർ, മംഗലാപുരം, പളനി, മൈസൂർ, തിരുപ്പൂർ തുടങ്ങിയ അന്തർ സംസ്ഥാന റൂട്ടുകളിലും, കേരളത്തിനുള്ളിൽ സർവീസ് നടത്തിയിരുന്ന വിവിധ ദീർഘദൂര ഷെഡ്യൂളുകൾക്ക് പകരമായും, ഗ്രാമീണ റൂട്ടുകളിലും താരതമ്യേന വീതി കുറഞ്ഞതും |

| | | | |
|---|---|---|---|
| | | | വലിയ ബസ്സുകൾ പോകാൻ കഴിയാത്ത റൂട്ടുകളിൽ മിനി ബസ്സുകളും, ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ്സുകളും വിവിധ റൂട്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.<br><br>KSRTC-SWIFT വാങ്ങിയ പുതിയ ബസ്സുകൾ ഏതൊക്കെ ജില്ലയിലേക്ക്, എത്ര വീതം, ഏതൊക്കെ ഡിപ്പോകൾക്ക്, ഏതൊക്കെ റൂട്ടിലേക്ക് ഉപയോഗിക്കാനായി നല്കിയിട്ടുണ്ട് എന്ന വിവരം അനുബന്ധം - II ആയി ചേർക്കുന്നു.<br><br>രജിസ്ട്രേഷൻ നടപടി പൂർത്തിയായ 3 ബസുകളുടെ പെർമിറ്റും മറ്റും നേടുന്നതിനുള്ള പ്രക്രിയ പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറക്ക് ടി ബസുകൾ അനുവദിക്കുന്നതാണ്. |
| (ഡി) | പുതിയ ബസ്സുകൾക്കായി ഓർഡർ നൽകിയതിൽ എത്ര ബസ്സുകൾ ഇനി ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | 129 എണ്ണം ബസുകൾ ഇനി ലഭിക്കാനുണ്ട്. |
| (ഇ) | ഓർഡർ നൽകിയതിൽ ഇനിയും ലഭിക്കാനുള്ള പുതിയ ബസ്സുകൾ ഏതൊക്ക ഡിപ്പോകളിൽ, ഏതൊക്കെ റൂട്ടുകളിൽ ഉപയോഗിക്കുന്നതിന് നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ഇ) | വരുമാന കൂടുതലുള്ള ദീർഘദൂര സർവീസുകൾക്ക് മുൻഗണന നൽകിയും സാധ്യതാപഠനം നടത്തി പരിശോധിച്ചും പുതിയ ബസുകൾ രജിസ്ട്രേഷൻ നടത്തി ലഭ്യമാകുന്ന മുറയ്ക്ക് യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.ക്കും ഗുണകരമാകുന്ന റൂട്ടുകളിൽ ഉപയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (എഫ്) | മലബാർ മേഖലയിലെ ഡിപ്പോകളിലേക്ക് പുതുതായി കൂടുതൽ ബസ്സുകൾ അനുവദിക്കുമോ; വിശദമാക്കാമോ? | (എഫ്) | പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകളും പുതിയ സർവീസുകളും മലബാർ മേഖലയിൽ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി മലബാർ മേഖലയിലെ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ പുതിയ ബസ്സുകളും സർവീസുകളും അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| ക്രമ നമ്പർ | ഡിസ്ട്രിക്റ്റ് | യൂണിറ്റ് | അനുവദിച്ച പുതിയ ബസ്സുകളുടെ എണ്ണം |
|---|---|---|---|
| 1 | ആലപ്പുഴ | ചേർത്തല | 1 |
| 2 | | കായംകുളം | 1 |
| 3 | എറണാകുളം | ആലുവ | 2 |
| 4 | | എറണാകുളം | 7 |
| 5 | | കോതമംഗലം | 1 |
| 6 | | മൂവാറ്റുപുഴ | 1 |
| 7 | | പെരുമ്പാവൂർ | 1 |
| 8 | ഇടുക്കി | കട്ടപ്പന | 4 |
| 9 | | മൂന്നാർ | 1 |
| 10 | | നെടുംകണ്ടം | 3 |
| 11 | കണ്ണൂർ | തലശ്ശേരി | 2 |
| 12 | കാസർഗോട് | കാസർഗോഡ് | 3 |
| 13 | | കാഞ്ഞങ്ങാട് | 3 |
| 14 | കൊല്ലം | ചാത്തന്നൂർ | 1 |
| 15 | | കൊല്ലം | 2 |
| 16 | | കൊട്ടാരക്കര | 11 |
| 17 | | പുനലൂർ | 2 |
| 18 | | പത്തനാപുരം | 11 |
| 19 | കോട്ടയം | ചങ്ങനാശ്ശേരി | 2 |
| 20 | | ഈരാറ്റുപേട്ട | 1 |
| 21 | | കോട്ടയം | 5 |
| 22 | | പാല | 4 |
| 23 | കോഴിക്കോട് | കോഴിക്കോട് | 4 |
| 24 | | തൊട്ടിൽപാലം | 2 |
| 25 | | വടകര | 2 |
| 26 | മലപ്പുറം | മലപ്പുറം | 1 |
| 27 | | നിലമ്പൂർ | 1 |
| 28 | പാലക്കാട് | പാലക്കാട് | 3 |
| 29 | | വടക്കാഞ്ചേരി | 2 |
| 30 | പത്തനംതിട്ട | അടൂർ | 2 |
| 31 | | കോന്നി | 1 |
| 32 | | പത്തനംതിട്ട | 4 |
| 33 | തൃശ്ശൂർ | ചാലക്കുടി | 1 |
| 34 | | ഗുരുവായൂർ | 1 |
| 35 | | തൃശ്ശൂർ | 2 |
| 36 | തിരുവനന്തപുരം | കാട്ടാക്കട | 1 |
| 37 | | തിരു:സെൻട്രൽ | 16 |
| 38 | | വെള്ളറട | 1 |
| 39 | വയനാട് | കൽപ്പറ്റ | 2 |
| 40 | | മാനന്തവാടി | 2 |
| 41 | | സുൽത്താൻബത്തേരി | 4 |
| | | ആകെ | 121 |

# അനുബന്ധം - II

| District | Allocated Depot | No. of Buses | Route |
|---|---|---|---|
| Ernakulam | EKM | 2 | EKM-BNG |
| Kannur | TLY | 2 | TLY-BNG |
| Kollam | KTR | 4 | KTR-BNG, KTR-KLR |
| Kottayam | KTM | 2 | KTM-BNG |
| Kozhikode | KKD | 4 | KKD-BNG |
| Palakkad | PLK | 2 | PLK-BNG |
| Pathanamthitta | PTA | 2 | PTA-BNG |
| Thiruvananthapuram | TVM | 8 | TVM-BNG, TVM-KLR |

Section Officer.